## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 847      25.01.2018-ൽ മറുപടിക്ക്

### ആദിവാസി വിഭാഗക്കാർക്ക് വനാവകാശ നിയമപ്രകാരം ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>" അൻവർ സാദത്ത്: | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | എ) | വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. അതിനായി ഇനിയും വനാവകാശ നിയമപ്രകാരം കൈവശരേഖ ലഭിച്ചിട്ടില്ലാത്ത യോഗ്യരായ എല്ലാപേരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രോജക്ടാഫീസർമാർ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ എന്നിവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രതിമാസ പുരോഗതിയും അവലോകനം ചെയ്യുന്നുണ്ട്. |
| ബി) | വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ വനം വകുപ്പിന്റെ ഭാഗത്തു നിന്നും ഉണ്ടായ തർക്കം എന്തൊക്കെയാണ്; പ്രസ്തുത തർക്കം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജെഴ്സി ഫാം, എറണാകുളം ജില്ലയിലെ താളുകണ്ടം, തൃശ്ശൂർ ജില്ലയിലെ താമരവെള്ളച്ചാൽ, ഒളകര, പാലക്കാട് ജില്ലയിലെ ഒറവൻപാടി എന്നീ കോളനികളിൽ വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ വനം വകുപ്പുമായി തർക്കം നിലനിൽക്കുന്നുണ്ട്. തർക്കം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| സി) | ആദിവാസി വിഭാഗത്തിൽപ്പെട്ട അർഹതയുള്ള എല്ലാവർക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സി) | ആദിവാസി വിഭാഗത്തിൽപ്പെട്ട അർഹതയുള്ള എല്ലാവർക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ഭൂമി ലഭ്യമാക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ തലത്തിൽ പട്ടികവർഗ വികസന വകുപ്പ്, വനം വകുപ്പ്, റവന്യൂ വകുപ്പ് എന്നീ വകുപ്പുകൾ സംയുക്തമായി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ